(എ) ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത ശേഷം ഇതുവരെ എത്ര ലക്ഷം രൂപ മദ്യദുരന്തം സംഭവിച്ചവർക്കും അവരുടെ കുടുംബത്തിനും സഹായധനമായി നൽകിയിട്ടുണ്ട് ;

(ബി) എത്ര ലക്ഷം രൂപ ഇനിയും നൽകുവാനുണ്ട് ;

(സി) തുക നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**വ്യാജമദ്യ ദുരന്തത്തിലെ പ്രതികൾ**

**66 (1313)** ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര വ്യാജമദ്യദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എവിടെയെല്ലാം ; ആകെ എത്ര പ്രതികൾ പിടിക്കപ്പെട്ടിട്ടുണ്ട് ;

(സി) എത്ര സംഭവങ്ങളിൽ പ്രതികളെ അറസ്റ്റു ചെയ്തു വിചാരണ ചെയ്തിട്ടുണ്ട് ;

(ഡി) ഇനിയും എത്രപേരെ അറസ്റ്റു ചെയ്യാനുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6 വ്യാജമദ്യദുരന്തം ഉണ്ടായിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചു വരുന്നു.

**വ്യാജമദ്യത്തിനെതിരെ മുന്നറിയിപ്പ്**

**67 (1314)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമദ്യവില്പന നടക്കുന്നുണ്ടെന്ന് ഏതെങ്കിലും ജില്ലാ കളക്ടർമാർ ഗവൺമെന്റിനെ അറിയിച്ചിരുന്നോ ; എങ്കിൽ അത് എന്നൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇതിനെത്തുടർന്ന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടത് ;

(സി) കളക്ടർമാരുടെ റിപ്പോർട്ടുകൾ കാര്യമായി എടുത്തില്ലായെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാജമദ്യം മൂലമുണ്ടായിട്ടുള്ള മരണങ്ങൾ ഒഴിവാക്കുന്നതിന് ഇത്തരം മുന്നറിയിപ്പുകൾ പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly